# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1993**      **05/10/2016** -ൽ മറുപടിക്ക്

## ഉദയംപേരൂർ പ്രദേശത്തെ കുടിവെള്ളക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.സ്വരാജ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഉദയം പേരൂർ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കും എന്ന് വ്യക്തമാക്കുമോ; | (എ) (1) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഉദയം പേരൂർ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി മത്സ്യഗ്രാമം-തീരദേശ വികസന കോർപ്പറേഷന്റെ ഫണ്ട് ഉപയുക്തമാക്കി വൈക്കം റോഡിൽ കൊച്ചുപള്ളി ജംഗ്ഷൻ മുതൽ വെട്ടിക്കാപ്പള്ളി ജംഗ്ഷൻ വരെ നിലവിലുള്ള പഴയ 150 എംഎം. എ.സി. പൈപ്പ് മാറ്റി 160 എം.എം. പി.വി.സി പൈപ്പ് സ്ഥാപിക്കുന്ന 88.93 ലക്ഷം രൂപയുടെ പദ്ധതി പൂർത്തീകരണഘട്ടത്തിലാണ്.<br>(2) ഉദയംപേരൂർ പഞ്ചായത്തിൽ 24x7 ജലവിതരണ പദ്ധതി വിഭാവനം ചെയ്തു കൊണ്ട് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.<br>(3) തൃപ്പൂണിത്തുറയ്ക്കും സമീപ പഞ്ചായത്തുകൾക്കും ഉള്ള ജലവിതരണ പദ്ധതിയുടെ ഓഗ് മെന്റേഷൻ പദ്ധതി പുരോഗമിച്ചു വരുന്നു. ആയതു പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉദയംപേരൂർ പഞ്ചായത്തിന്റെ ഉദയംപേരൂർ, കാഞ്ഞങ്ങാട്, വലിയകുളം എന്നീ പ്രദേശങ്ങളുടെ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ കഴിയും.<br>(4) ഉദയംപേരൂർ പഞ്ചായത്തിലെ സൗത്ത് പറവൂർ, മാളേക്കാട്, പൂത്തോട്ട എന്നീ പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നത് ഇടയ്ക്കാട്ടുവയൽ, ആമ്പല്ലൂർ, ഉദയംപേരൂർ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നുമാണ്. ടി പ്രദേശങ്ങളിൽ ഈ പദ്ധതിയിൽ നിന്നും ദിനംപ്രതി 1 mld ശുദ്ധജലം നൽകുന്നുണ്ട്. |

(5) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഉദയംപേരൂർ പ്രദേശത്ത് രണ്ട് വർക്കുകളിലായി 550 മീ. നീളത്തിൽ പഴയ എ.സി. പൈപ്പുകൾ മാറ്റി പുതിയ പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുന്ന തിനായി 15.9 ലക്ഷം രൂപയുടെ പദ്ധതിക്കും മറ്റ് രണ്ട് വർക്കുകളിലായി 1800 മീറ്റർ നീളത്തിൽ പഴയ പി.വി.സി. പൈപ്പുകൾ മാറ്റി പുതിയ പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുന്നതിനായി 15 ലക്ഷം രൂപയുടെ പദ്ധതിക്കും ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

(ബി) കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന് സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുമോ;

(ബി) നിലവിലെ കുടിവെള്ള വിതരണം കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) ഇതിലേക്കായി എന്തെങ്കിലും ആലോചനായോഗങ്ങൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(സി) തൃപ്പൂണിത്തുറ ഓഗ് മെന്റേഷൻ പദ്ധതിയുടെ ഭാഗമായി 5750 മീറ്റർ, 900 മി.മീറ്റർ ഡി.ഐ. പൈപ്പ് പൂതൃക്ക പഞ്ചായത്തിൽ രാമമംഗലം മുതൽ ചൂണ്ടി പ്ലാന്റ് വരെ സ്ഥാപിക്കുന്നതിന് 06/02/2016-ൽ പി.ഡബ്ല്യു.ഡി-യിൽ നിന്നും അനുമതി ലഭിച്ചു. പൈപ്പ് സ്ഥാപിക്കുന്ന പണികൾ കരാറുകാരൻ ആരംഭിക്കാൻ ശ്രമിച്ചപ്പോൾ റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തും പരിസരവാസികളും എതിർപ്പ് പ്രകടിപ്പിച്ചതിനെത്തുടർന്ന് 26/02/2016-ൽ ബഹുമാനപ്പെട്ട കുന്നത്തുനാട് എം.എൽ.എ ശ്രീ. വി.പി.സജീന്ദ്രൻ, വടവുകോട് പുത്തൻകുരിശ്ശ്, പൂതൃക്ക, പെരുവാണിയൂർ, ഐക്കരനാട് പഞ്ചായത്ത് പ്രതിനിധികൾ, വാട്ടർ അതോറിറ്റി, പി.ഡബ്ല്യു.ഡി., ബി.എസ്.എൻ.എൽ ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ ഒരു യോഗം വിളിച്ചു ചേർത്തിരുന്നു. പൂതൃക്ക പഞ്ചായത്ത് ഭാരവാഹികൾ ചുറ്റുമുള്ള റസിഡൻസ് അസോസിയേഷൻ, പ്രാദേശിക നേതാക്കൾ, തുടങ്ങിയവരുമായി ചർച്ച ചെയ്ത് വാട്ടർ അതോറിറ്റിക്ക് പൈപ്പ് സ്ഥാപിക്കുന്നതിന് സാഹചര്യം ഉണ്ടാക്കണം എന്ന് തീരുമാനിച്ചു. 05/2016-ലെ സംസ്ഥാന

ഇലക്ഷൻ, ഇടവപ്പാതി എന്നിവയ്ക്ക് ശേഷം പൈപ്പിന്റെ പണികൾ ആരംഭിക്കുകയും ജനുവരി 2017-ഓടെ പൈപ്പിന്റെ വർക്കും തുടർന്ന് റോഡ് വർക്കും നടത്താൻ തീരുമാനിക്കുകയും ചെയ്തു.

തുടർന്ന് ബഹു. ജില്ലാ കളക്ടറുടെ ഒരു കോഡിനേഷൻ കമ്മിറ്റി മീറ്റിംഗ് 18/06/2016-ൽ നടത്തിയിരുന്നു. മഴക്കാലത്ത് റോഡ് മുറിക്കുന്നതിനുള്ള പി.ഡബ്ല്യു.ഡി-യുടെ ബാൻ പിൻവലിച്ചതിനുശേഷം പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തികൾ ആരംഭിക്കാമെന്ന് തീരുമാനിച്ചു.

26/02/2016-ലെ എം.എൽ.എ മീറ്റിംഗിലും തുടർന്ന് 16/03/2016-ൽ വാട്ടർ അതോറിറ്റി പൂതൃക്ക പഞ്ചായത്ത് മീറ്റിംഗിലും പൈപ്പ് ലൈൻ പണികൾ നടക്കുമ്പോൾ വാഹനങ്ങൾ ഗതിമാറ്റി വിടുന്ന പഞ്ചായത്ത് റോഡുകൾക്ക് ഉണ്ടാകുന്ന കേടുപാടുകൾ കൂടി പരിഹരിക്കണമെന്ന് പഞ്ചായത്ത് ആവശ്യം ഉന്നയിച്ചിരുന്നു. തുടർന്ന് പണികൾ ആരംഭിക്കുന്നതിന് മുന്നോടിയായി 08/08/2016-ൽ ബഹു. കുന്നത്തുനാട്, തൃപ്പൂണിത്തുറ നിയോജക മണ്ഡലം എം.എൽ.എ-മാർ സംയുക്തമായി പഞ്ചായത്തിന്റെയും വാട്ടർ അതോറിറ്റി, പി.ഡബ്ല്യു.ഡി, പോലീസ് തുടങ്ങിയ വകുപ്പുകളുടെയും യോഗം വിളിച്ചു. പൈപ്പ് ലൈൻ ജോലി ആരംഭിക്കുവാൻ നടപടിക്കായി ശ്രമിച്ചിരുന്നു. എന്നാൽ ഡീവിയേഷൻ റോഡുകളായി ഉപയോഗിക്കുന്ന പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള ഫണ്ടിന് രേഖാമൂലം ഉറപ്പ് പഞ്ചായത്ത് ആവശ്യപ്പെട്ടിരിക്കുകയാണ്. പൈപ്പ് ലൈൻ സ്ഥാപിക്കുമ്പോൾ വഴി തിരിച്ചു വിടുന്ന റോഡുകളുടെ അറ്റകുറ്റപ്പണി വമ്പിച്ച സാമ്പത്തിക ബാധ്യത വരും എന്നതിനാൽ ജല അതോറിറ്റിക്ക് ഏറ്റെടുക്കാൻ കഴിയില്ല.

കൂടാതെ തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി

തൃപ്പൂണിത്തുറ എം.എൽ.എ. ശ്രീ. എം. സ്വരാജിന്റെ അധ്യക്ഷതയിൽ 15/06/2016 -ൽ ഒരു യോഗം ചേരുകയുണ്ടായി. 19/08/2016-ൽ തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ പൊതുവെയും ഇടക്കൊച്ചി മേഖലയിലെ പ്രത്യേകിച്ചും ജലവിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ-മാരായ ശ്രീ. ജോൺ ഫെർണാണ്ടസ്, ശ്രീ. എം.സ്വരാജ് എന്നിവരുടെ നേതൃത്വത്തിൽ ഒരു യോഗം ചേരുകയുമുണ്ടായി.

സെക്ഷൻ ഓഫീസർ

JSK/